പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3772 19.2.2013-ൽ മറുപടിയ്ക്കുണ്ടായിരുന്നത്

## ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിനു നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ, എന്തെല്ലാമാണെന്നു വെളിപ്പെടുത്തുമോ;

(എ) ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിംഗ് ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 50 ട്രൈബൽ പോലീസ് സ്റ്റേഷൻ ഉൾപ്പെടെ 100 പുതിയ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള 740 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ അതിവേഗം കണ്ടെത്തി തടയുന്നതിനായി ട്രാഫിക് മോണിറ്ററിംഗ് ക്യാമറകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കേസുകളിൽ സത്യസന്ധവും നീതിയുക്തവും പഴുതടച്ച അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ ഫലമായി കുറ്റവാളികൾ ആരും തന്നെ രക്ഷപ്പെടുവാൻ അനുവദിച്ചിട്ടില്ലാത്തതുമാണ്.

(ബി) കൊലപാതകം, കൂട്ടക്കവർച്ച, മാലപൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം-മയക്കുമരുന്നുകേസ്സുകൾ തുടങ്ങിയവ സംസ്ഥാനത്ത് വർദ്ധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇവ ഓരോന്നിന്റെയും 2012-ലെ കണക്കുകൾ വ്യക്തമാക്കുമോ;

(ബി) കൊലപാതകം, കൂട്ടകവർച്ച, മാലപൊട്ടിക്കൽ, ആരാധനാലയങ്ങളിലെ കവർച്ച, മദ്യം - മയക്കുമരുന്ന് കേസുകൾ തുടങ്ങിയവ സംസ്ഥാനത്ത് നേരിയ തോതിൽ വർദ്ധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ ഓരോന്നിന്റെയും 2012 ലെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| കൊലപാതകം | കൂട്ട കവർച്ച | മാല പൊട്ടിക്കൽ | ആരാധനാലയങ്ങളിലെ കവർച്ച | അബ്കാരി | മയക്കുമരുന്ന് |
|---|---|---|---|---|---|
| 373 | 72 | 722 | 2 | 52226 | 656 |

(സി) പെരുകിവരുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വിശദമാക്കുമോ?

(സി) ക്രമസമാധാനനില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്മ്യൂണിറ്റി പോലീസിംഗ് ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 50 ട്രൈബൽ പോലീസ്

സ്റ്റേഷൻ ഉൾപ്പെടെ 100 പുതിയ പോലീസ് സ്റ്റേഷനുകളിൽ കൂടി ജനമൈത്രി പോലീസ് സംവിധാനം വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായിട്ടുള്ള 740 അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. ട്രാഫിക് കുറ്റകൃത്യങ്ങൾ അതിവേഗം കണ്ടെത്തി തടയുന്നതിനായി ട്രാഫിക് മോണിറ്ററിംഗ് ക്യാമറകൾ പ്രധാനപ്പെട്ട ജംഗ്ഷനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കേസുകളിൽ സത്യസന്ധവും നീതിയുക്തവും പഴുതടച്ച അന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിന്റെ ഫലമായി കുറ്റവാളികൾ ആരും തന്നെ രക്ഷപ്പെടുവാൻ അനുവദിച്ചിട്ടില്ലാത്തതുമാണ്. ഇതിന് പുറമെ ഊർജ്ജിതമായ പോലീസ് പട്രോളിംഗും സംശയമുള്ള സ്ഥലങ്ങളിൽ രഹസ്യ നിരീക്ഷണങ്ങളും സ്ഥിരം കുറ്റവാളികളെ കണ്ടെത്തി നിരീക്ഷിച്ച് അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി കുറ്റകൃത്യ സാഹചര്യങ്ങൾ ഒഴിവാക്കി വരികയും ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ